# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 2493      18 – 07 – 2011 ൽ മറുപടിക്ക്

## പ്രവാസികൾക്ക് സ്വയം തൊഴിൽ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. കെ. സി. ജോസഫ് |
| ശ്രീ. എം. എ. വാഹിദ് | (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും |
| ശ്രീ. ലൂഡി ലൂയിസ് | വകുപ്പ് മന്ത്രി) |
| ശ്രീ. വി. റ്റി. ബൽറാം | |

| | |
|---|---|
| (എ) പ്രവാസി കേരളീയർക്കുള്ള ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) വാർഷിക വരുമാനം 25,000 രൂപയിൽ താഴെയുള്ള തിരികെയെത്തിയ പ്രവാസിമലയാളികളുടെയും കുടുംബാംഗങ്ങളുടെയും അനുപേക്ഷണീയമായ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നതിനായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ "സാന്ത്വന" പദ്ധതി നിലവിലുണ്ട്. തിരികെയെത്തുന്ന നിർധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിനു പുറത്തുവച്ചു മരണമടയുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിനായി 'കാരുണ്യം' എന്ന പദ്ധതിയും നിലവിലുണ്ട്. വിദേശത്തു തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കേറ്റ് അറ്റസ്റ്റേഷനുള്ള സൗകര്യം നോർക്ക വകുപ്പു വഴി നടപ്പിലാക്കിയിട്ടുണ്ട്. വിദേശത്തുവച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരങ്ങൾ നാട്ടിലെത്തിക്കുന്നതിനും വിവിധ രീതികളിൽ പീഡിപ്പിക്കപ്പെടുന്ന പ്രവാസികളെ |

സഹായിക്കുന്നതിനും ആവശ്യമായ നടപടികൾ എംബസികളുമായി ബന്ധപ്പെട്ടു നടത്തി വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ പ്രവാസികൾക്ക് വേണ്ടുന്ന സഹായങ്ങൾ എത്തിക്കാൻ മുൻകൈ എടുക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജൻസിയായി നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നു. വിദേശത്ത് തൊഴിൽതേടിപ്പോകുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വസ്തുതകളെപ്പറ്റി ബോധവൽക്കരിക്കാൻ നോർക്ക റൂട്ട്സ് ശിൽപശാലകൾ നടത്തിവരുന്നു. വിദേശത്ത് തൊഴിൽ തേടിപോകുന്നവർക്കായി തൊഴിൽ വൈദഗ്ധ്യപരിശീലനം നടത്തുന്നുണ്ട്. പ്രവാസികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 24 മണിക്കൂർ ഹെൽപ്പ്ലൈൻ സേവനവും വിദേശത്ത് തൊഴിൽ ചെയ്യുന്ന മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിലേക്കും അവരുടെ ബിസിനസ്സ് സംരംഭങ്ങൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിലേക്കും ഒരു എൻ ആർ കെ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിവരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം ബാങ്കിംഗ് മേഖലയുമായി സഹകരിച്ച നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ ?

(ബി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിവരുന്ന പ്രവാസികൾക്ക് വാണിജ്യ ബാങ്കുകൾ വിവിധതരം മുൻഗണനാ വിഭാഗം വായ്പകൾ നൽകിവരുന്നുണ്ട് ഇതല്ലാതെ സ്വയംതൊഴിൽ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ